# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1026

10.06.2019-ലെ മറുപടി

### തഴക്കര കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാജേഷ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | മാവേലിക്കര തഴക്കര കുടിവെള്ള പദ്ധതിയ്ക്ക് ബഡ്ജറ്റിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സർവ്വേ നടപടികൾക്കായി 2018-19-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപ അനുവദിച്ചു. |
| (ബി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പദ്ധതി നിർദ്ദേശം മുതലുള്ള വിശദവിവരം ലഭ്യമാക്കുമോ; | (ബി)<br>&<br>(സി) | മാവേലിക്കര മുനിസിപ്പാലിറ്റിക്കും തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾക്കുമായി വിഭാവനം ചെയ്തിട്ടുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ പ്രാഥമിക പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 30 ദശലക്ഷം ലിറ്റർ ശുദ്ധീകരണ ശേഷിയുള്ള പദ്ധതിയുടെ വിതരണ ശൃംഖലകൾ ഒഴികെയുള്ള ഭാഗങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഇതിന്മേൽ അനുമതി ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. മുനിസിപ്പാലിറ്റിയിലേയും പഞ്ചായത്തുകളിലേയും സർവ്വേ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ സർവ്വേ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |
| (ഡി) | പ്രസ്തുത പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി)<br>&<br>(ഇ) | ജലശുദ്ധീകരണശാലയ്ക്കുള്ള സ്ഥലം വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ളതാണ്. രണ്ട് ഉന്നതതല ജല സംഭരണികൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകുന്നതാണ് എന്ന് സമ്മതിച്ചിട്ടുണ്ട്. |
| (ഇ) | പദ്ധതി അടിയന്തിരമായി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | | വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**